III ശ്രദ്ധക്ഷണിക്കൽ

(I) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് കയർ വ്യവസായമാണ്. ഈ വ്യവസായത്തിൽ നാലഞ്ച് ലക്ഷത്തോളം തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നു. ഈ വ്യവസായം ആ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായിത്തീർന്നിരിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ഈ വ്യവസായത്തിൽ ഗവൺമെൻറ് അടുത്ത കാലത്ത് രണ്ട് തീരുമാനങ്ങളെടുത്തു. അതിൻെറ ഫലമായിട്ടാണ് ഈ ദുസ്ഥിതി വന്നുചേർന്നിട്ടുള്ളത്. 1967-ൽ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലത്ത് സഖാവ് ടി. വി. തോമസ് ഏർപ്പെടുത്തിയതാണ് കയർ വികസന പദ്ധതി. ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യങ്ങളിലൊന്ന് കയർ വ്യവസായത്തെ പൂർണ്ണമായും സഹകരണ മേഖലയിലേക്ക് കൊണ്ടുവരികയെന്നുള്ളതാണ്. കയർ തൊഴിലാളികൾക്ക് ന്യായമായ മിനിമം വേജസ് നേടിക്കൊടുക്കുക, മറ്റ് ആനുകൂല്യങ്ങൾ നേടിക്കൊടുക്കുക ഇവയായിരുന്നു പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. അതനുസരിച്ച് അഞ്ഞൂറോളം കയർപ്രൈമറി സംഘങ്ങൾ കേരളത്തിൽ ഒട്ടാകെ രൂപവൽക്കൃതമായി. ഈ 500 സംഘങ്ങളിലായി 2 ലക്ഷത്തോളം കയർത്തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ സംഘങ്ങൾ പ്രവർത്തിക്കണമെങ്കിൽ അവർക്കാവശ്യമായ അഴുകൽ തൊണ്ട് കാലാകാലങ്ങളിൽ ലഭ്യമായിത്തീരണം. അങ്ങനെ അഴുകൽ തൊണ്ടിന് ദൗർലഭ്യം വന്നതിൻെറ ഫലമായിട്ടാണ് 1973-ൽ കേന്ദ്ര ഗവൺമെൻറ് തൊണ്ട് നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് പുറപ്പെടുവിച്ചതിൻെറ മുഖ്യമായ കാരണം ഈ വ്യവസായങ്ങൾക്കാവശ്യമായ അഴുകൽ തൊണ്ട് ലഭ്യമാക്കിത്തീർക്കുകയും അതോടൊപ്പംതന്നെ സഹകാര്യമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അഴുകൽ തൊണ്ട് ലഭ്യമാകാതിരിക്കാനുമാണ്. അതിനുവേണ്ടി തൊണ്ട് കൊണ്ടുപോകുന്നതും തൊണ്ട് കടത്തിക്കൊണ്ടു പോകുന്നതും എല്ലാം ഈ ഉത്തരവിൻെറ പരിധിയിൽ വരികയുണ്ടായി. എന്ന് പറഞ്ഞാൽ അതിൻെറ അർത്ഥം മൊണോപ്പളി പ്രൊക്യൂവർമെൻറ് ഏർപ്പെടുത്തിയെന്നാണ്. നമ്മുടെ രാജ്യത്ത് അഴുകൽ തൊണ്ട് കയർ സംഘങ്ങൾക്ക് കിട്ടുന്ന സ്ഥിതിവിശേഷം അങ്ങനെ നിലവിലുണ്ടായിരുന്നു. അതിൽ പ്രായോഗികമായ അഭിപ്രായങ്ങളുണ്ടായി. പോരായ്മകളുണ്ടായി എന്ന് പറയുന്നത് ശരിയാണ്. പക്ഷെ അത് പരിഹരിക്കുന്നതിന് പകരം എലിയെ പേടിച്ച് ഇല്ലം ചുടുന്ന നയം ഗവൺമെൻറ് ഇക്കാര്യത്തിൽ എടുത്തു. തൊണ്ട് നിയന്ത്രണ ഉത്തരവ് പൂർണ്ണമായും ഇല്ലാതാക്കി. പകരം ഏർപ്പെടുത്തിയ പദ്ധതികൊണ്ട് യാതൊരു പ്രയോജനവുമുണ്ടായില്ല. സർ, ലെവി സമ്പ്രദായം സെപ്റ്റംബർ മാസം ഒന്നാം തീയതിയാണ് ഗവൺമെൻറ് ഏർപ്പെടുത്തിയത്. അഴുകൽ തൊണ്ടിൻെറ 30% ഈ സംഘങ്ങൾക്ക് ലഭ്യമാക്കിത്തീർക്കണം. അതിന് പ്രോജക്ട് ഓഫീസർക്ക് കണക്ക് നൽകണം. പ്രോജക്ട് ഓഫീസർ തന്നെ എടുത്തുകൊടുക്കണമെന്നാണ് വ്യവസ്ഥ. ഞാൻ കയർ വ്യവസായ മേഖലയിൽനിന്നും വരുന്ന ഒരാളാണ്. അഞ്ചുതെങ്ങ് കയർവ്യവസായ മേഖല കേരളത്തിൽ ഏറ്റവും പ്രമുഖമായ കയർ ഉല്പാദിപ്പിക്കുന്ന കേന്ദ്രമാണ്. ചരിത്രപ്രസിദ്ധമായ കയറാണ് അഞ്ചുതെങ്ങ് കയർ. അതിനാണ് ഏറ്റവും കൂടുതൽ വില. ലോകമാർക്കറ്റിൽ ലഭിക്കുന്നത്. ആ പ്രദേശത്ത് ഒരു ചീള് തൊണ്ടുപോലും ഇന്നുവരെ കിട്ടിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ സ്ഥിതി. രണ്ട് മാസമായി സഹകരണസംഘങ്ങൾക്കുപോലും അഴുകൽ തൊണ്ട് എടുത്തുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. 30% അഴുകൽ തൊണ്ട്, കൊടുക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ. ഞാൻ മന്ത്രിയെ വെല്ലു വിളിക്കുകയാണ്. നിങ്ങൾ അഞ്ചുതെങ്ങിൽ ചെല്ലണം. അവിടത്തെ കയർ പ്രോജക്ട് ആഫീസിൽനിന്നും ഒരൊറ തൊണ്ട് മുതലാളിയെങ്കിലും കണക്ക് കൊടുത്തിട്ടുണ്ടോ എന്നന്വേഷിക്കണം.

അല്ലെങ്കിൽ പ്രോജക്ട് ഓഫീസർക്ക് 100 അഴുക്കൽ തൊണ്ടെങ്കിലും സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നന്വേഷിക്കണം. ഇല്ല എന്നുള്ളതാണ് വസ്തുത. പൂർണ്ണമായും അപ്രായോഗികമായിട്ടുള്ള നടപ്പാക്കാൻ ഒരിക്കലും സാദ്ധ്യമല്ലാത്ത ഒരു സ്കീമാണ് ഈ ലെവി സമ്പ്രദായം. അത് ഉടനടി അവസാനിപ്പിച്ച് നേരത്തേ ഉണ്ടായിരുന്ന തൊണ്ട് നിയന്ത്രണ ഉത്തരവ് പുന: സ്ഥാപിക്കുകയും, ആവശ്യമായ തൊണ്ട് സംഘങ്ങൾക്ക് കൊടുക്കാനാവശ്യ മായ നടപടി സ്വീകരിക്കുകയും ചെയ്യുകയാണ് ഈ ഗവൺമെൻറ് ചെയ്യേണ്ടിയിരുന്നത്. കൂനിൽമേൽ കുരു എന്നപോലെ ഈ ഗവൺമെൻറ് ചെയ്ത വേറൊരു ദ്രോഹം തൊണ്ട് തല്ലുന്ന യന്ത്രങ്ങളുടെ ഉപയോഗമാണ്. തൊണ്ട് തല്ലിയും കയർ പിരിച്ചുമാണ് പാവപ്പെട്ട ആളുകൾ ജീവിച്ചി രുന്നത്. ഒരുകാലത്ത് ഈ ഗ്രാമപ്രദേശങ്ങളെല്ലാംതന്നെ ഐശ്വര്യത്തിന്റെ വിളനിലമായിരുന്നു. എന്നാൽ ഇന്ന് ആ പ്രദേശങ്ങളിലെ ആളുകൾ പട്ടിണി യിലാണ്. അവിടത്തെ റാട്ടുകളൊന്നും ചലിക്കുന്നില്ല. അവിടെ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിച്ചിരിക്കുകയാണ്. കായലോരങ്ങളിലും, കടൽ തീരത്തുമുള്ള ലക്ഷക്കണക്കിന് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതംതന്നെ വളരെ ദുസ്സഹമായിത്തീർന്നിരിക്കുകയാണ്. ഈ ഗവൺമെൻറിന്റെ നയംമൂലം ഈ പാവപ്പെട്ട തൊഴിലാളികൾക്ക് ഒരു മുഴം കയർ കൊണ്ട് ജീവിതം അവസാനിപ്പിക്കേണ്ട ഒരു സ്ഥിതിവിശേഷമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്കും അതാണ് ഗതിയെന്നാണ് എനിക്ക് തോന്നുന്നത്. എനിക്ക് പറയാനുള്ളത് ഈ തൊണ്ട് തല്ല് യന്ത്രം ഉപയോഗിച്ചതിന്റെ ഫലമായി തൊണ്ട് അഴുക്കണ്ട. തൊണ്ട് , ഇഷ്ടംപോലെ കൊണ്ടുചെന്ന് ഉടനെതന്നെ പച്ച തൊണ്ട് യന്ത്രത്തിൽ കയറ്റി ചകിരിയായി എടുത്ത് കയർ ഉണ്ടാക്കി പുറത്തേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ഈ കയർ പെട്ടെന്ന് പൊട്ടും. ഏകദേശം ആറ് മാസമോ, ഒരു കൊല്ലമോ, രണ്ട് കൊല്ലമോ വെള്ള ത്തിൽ കിടന്നഴുകുന്ന തൊണ്ടിൽ നിന്നെടുക്കുന്ന ചകിരിയും, പച്ചത്തൊണ്ട് യന്ത്രത്തിൽ കയറ്റിയെടുക്കുന്ന ചകിരിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. യന്ത്രത്തിൽ തല്ലിയെടുത്ത് കയറുണ്ടാക്കുകയാണെങ്കിൽ ലോക മാർക്കറ്റ് നമുക്ക് നഷ്ടപ്പെടും. ഈ യന്ത്രത്തിൽക്കൂടിയുള്ള ചകിരിയെടുപ്പ് സമ്പ ദായം തുടർന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കയറുൽപ്പാദനത്തിൽ നമുക്കുള്ള കുത്തകാവകാശം നഷ്ടപ്പെടും. കയർ ഉല്പാദിപ്പിക്കുന്ന ഈ സമ്പ്രദായംതന്നെ കേരളത്തിൽ ഒരു ചരിത്രവസ്തുവായിത്തീരും. അതു കൊണ്ട് ലെവി തലമുറയെ ഓർത്ത്, അളളാഹുവിനെ ഓർത്ത് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഈ കൂനാംകുരിക്കിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളെ രക്ഷിക്കണം. നിങ്ങൾക്ക് അതിന് ഒരു പ്രത്യേക ബാദ്ധ്യ തയൊന്നുമില്ലല്ലോ. നിങ്ങൾ വരുന്ന സ്ഥലത്ത അതൊരു പ്രശ്നമല്ലല്ലോ. പക്ഷെ ഈ രാജ്യത്തെ തൊഴിലാളിയെ ഓർത്ത്. ഈ രാജ്യത്തെ ജനങ്ങളെ ഓർത്ത് നിങ്ങൾക്ക് ഇതുകൊണ്ട് ഒരു നഷ്ടവും സംഭവിക്കാനില്ല. ആ തൊണ്ട് നിയന്ത്രണ ഉത്തരവ് പുന:സ്ഥാപിക്കുകയും, സാർവ്വത്രികമായി ഈ യന്ത്രം ഉപയോഗിക്കുന്ന നടപടി അവസാനിപ്പിക്കുകയും ചെയ്ത് ഈ രാജ്യത്തേയും, ഈ രാജ്യത്തെ തൊഴിലാളികളേയും രക്ഷിക്കാനുള്ള നടപടി ഈ ഗവൺമെൻറ് സ്വീകരിക്കണം. അല്ലെങ്കിൽ, നിങ്ങൾ ഈ രാജ്യത്തോടും ലെവി തലമുറയോടും ചെയ്യുന്ന ഒരു കൊടുംപാതകമായിരിക്കും. ഗവൺ മെൻറ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് പഴയ തീരുമാനം പുന: പരിശോധന ചെയ്ത് ഈ തൊണ്ട് നിയന്ത്രണ ഉത്തരവ് പുന:സ്ഥാപിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഈ യന്ത്രം ഉപയോഗിക്കുന്ന ഈ സംവിധാനം അവസാനിപ്പിച്ച് അതിനുവേണ്ടി പ്രവർത്തിക്കണമെന്ന് ഒരിക്കൽക്കൂടി അതിശക്തമായി ഞാൻ മന്ത്രിയോട് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ അടിയന്തിരമായ ശ്രദ്ധ ഈ പ്രശ്നത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹ്മ്മദ്) : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ പലതും ശരിയല്ല എന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഇതിന്റെ ചരിത്രം അദ്ദേഹം പറഞ്ഞത് ശരിയാണ്. ശ്രീ. ടി. വി. തോമസിന്റെ കാലത്ത് കയർ പുനരുദ്ധാരണ പദ്ധതി ഉണ്ടായിരുന്നു. എന്നാൽ 1978-ൽ ഇൻഡ്യാ ഗവൺമെന്റിന് ശിവരാമൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചു. ആ റിപ്പോർട്ടിൽ പറയുന്നത് ഈ തൊണ്ട് നിയന്ത്രണ ഉത്തരവ് റദ്ദ് ചെയ്ത്, കച്ചവടക്കാർക്ക് ധാരാളം തൊണ്ട് ലഭ്യമാക്കാനായി അതിന് ചില മാറ്റങ്ങൾ വരുത്തണമെന്നായിരുന്നു. അതിനെത്തുടർന്ന് ഇൻഡ്യാ ഗവൺമെന്റ് ഈ റിപ്പോർട്ടിൻമേലുള്ള അനന്തര നടപടിക്കുവേണ്ടി കേന്ദ്ര വ്യവസായ ജോയിന്റ് സെക്രട്ടറി ശ്രീ. ശ്രീനിവാസൻ ചെയർമാനായുള്ള മറ്റൊരു കമ്മിറ്റി രൂപവൽക്കരിച്ചു. ആ കമ്മിറ്റി ഈ തൊണ്ട് നിയന്ത്രണ ഉത്തരവിനെ സംബന്ധിച്ചിടത്തോളം അത് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽ സംസ്ഥാന ഗവൺമെന്റിന് മാറ്റം വരുത്താൻ അധികാരം നൽകണമെന്ന് പറഞ്ഞു. മാത്രമല്ല, ലെവി സമ്പ്രദായത്തിൽ തൊണ്ടു ശേഖരണത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തു. അത് രണ്ടാമത്തെ സ്റ്റേജാണ്. മൂന്നാമത്തെ സ്റ്റേജ് വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ അത് മനസ്സിലാക്കണം. മൂന്നാമത്തെ സ്റ്റേജ് 1980 മാർച്ച് 20-ാം തീയതി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ, അന്നത്തെ കേന്ദ്ര വ്യവസായ വകുപ്പുമന്ത്രി ശ്രീ. വെങ്കിട്ടരാമന് അയച്ച ഒരു കത്താണ്. ആ കത്തിൽ അദ്ദേഹം പറഞ്ഞത് ഒരു പരീക്ഷണാർത്ഥമെന്നുള്ള നിലയിൽ ലെവി സമ്പ്രദായം നടപ്പിലാക്കാമെന്നും, അതിനുവേണ്ട നിയമനിർമ്മാണത്തിന് വേണ്ട അധികാരം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്നുമായിരുന്നു. സർ, അതിനെത്തുടർന്നാണ് 1982-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എൻ. ടി. തിവാരിയുമായി ഇപ്പോഴത്തെ ഗവൺമെന്റിനുവേണ്ടി എഴുത്തുകുത്തുകളും നടത്തിയതും ഈ ലെവി സമ്പ്രദായം ഇവിടെ നടപ്പിലാക്കിയതും. സർ, ലെവി സമ്പ്രദായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇത്രയും ത്രപ്പെട്ട് പറയേണ്ടതില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. കാരണം, ഒന്നാമത് അത് പരീക്ഷണാർത്ഥമാണ്. രണ്ടാമത് ഇത് സഹകരണ മേഖലയിലുള്ള സഹകരണസംഘങ്ങൾക്ക് വേണ്ടത്ര തൊണ്ട് ലഭ്യമാക്കാനാണ്. മൂന്നാമത്തേത് ഈ ലെവി ഉത്തരവനുസരിച്ചുതന്നെ ഈ വരുന്ന നവംബർ 30-ാം തീയതിക്കകമാണ് മുഴുവൻ സ്റ്റോക്ക് വിവരങ്ങളും ലഭിച്ചുകൊണ്ടുള്ള ഉത്തരവുകളും എടുക്കേണ്ടത്. അപ്പോൾ പഴയ ഗവൺമെന്റ് ആരംഭിച്ചത് ഈ ഗവൺമെന്റ് തുടർന്നു എന്ന് മാത്രമാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറയുന്നത് കേട്ടാൽ തോന്നും ഞാൻ ഒരു പുതിയ സമ്പ്രദായം ഉണ്ടാക്കിയതാണെന്ന്. അന്നത്തെ ഗവൺമെന്റ് പരീക്ഷണമെന്ന് പറഞ്ഞത് തന്നെയാണ് ഇന്ന് പരീക്ഷണാർത്ഥം നടപ്പിലാക്കുന്നത്. ആ പരീക്ഷണം പരാജയപ്പെട്ടുവെന്ന് പറയുന്നത് തികച്ചും അകാലികമാണ്. കാരണം, നമ്മൾ അത് ആരംഭിച്ചിട്ടേയുള്ളൂ. കഴിഞ്ഞ സെപ്റ്റംബർ മാസമാണ് ആരംഭിച്ചത്. പിന്നീട് ബഹുമാനപ്പെട്ട മെമ്പർ പറയുന്നു തൊണ്ട് ലഭ്യമായില്ലെന്ന്. സർ, കയർ വ്യവസായ രംഗത്ത് കയറിന്റെ വിലയുടെ വ്യത്യാസംകൊണ്ട് ചില പ്രശ്നങ്ങൾ ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ തൊണ്ട് ലഭ്യമാകാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് സൊസൈറ്റികൾക്ക് പ്രയാസമുണ്ടെന്ന് ഇപ്പോൾ പറഞ്ഞത് ശരിയല്ല. കാരണം, 31-8-1986, രണ്ട് മാസം മുമ്പ് ഈ സഹകരണ സംഘങ്ങളിൽനിന്ന് ലഭിച്ച വിവരപ്രകാരം 190,843,018 തൊണ്ടുകൾ സഹകരണസംഘങ്ങളുടെ കൈവശമുണ്ടെന്നാണ്. 31-8-1986-ന് ശേഷം ഇപ്പോൾ രണ്ട് മാസം കടന്നു പോയി, ഈ മാസത്തിനിടയ്ക്ക് നമുക്ക് അനുഭവപ്പെട്ടത് ഓണം മുതലായ ഒഴിവുനാളുകളാണ്. ഈ രണ്ട് മാസത്തിനിടയ്ക്ക് 19 കോടി തൊണ്ട് സംസ്കരിക്കാൻ സൊസൈറ്റികൾക്ക് സാധിച്ചിട്ടില്ല. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് 31-8-1986-ൽ പതിനാല് കോടി അറുപത്തി ഒമ്പത് ലക്ഷം തൊണ്ട് സ്റ്റോക്ക് ഉണ്ടായിരുന്നതായി സഹകാര്യ മേഖലയിലെ ആളുകൾതന്നെ അറിയിച്ചിട്ടുണ്ട്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം 30-6-1985 കരസ്പോണ്ടിംഗ് വർഷത്തിൽ, അതായത് അവസാന വർഷം 14.99 കോടിയാണുണ്ടായിരുന്നത്. എന്നാൽ ഈ വർഷം 30-6-1986, അതായത് ഈ സഹകരണവർഷം അവസാനിക്കുന്ന ഘട്ടമാണ് ഞാൻ പറയുന്നത്. 14 കോടി 88 ലക്ഷമാണുണ്ടായിരുന്നത്. അങ്ങനെ ഓരോ കൊല്ലവും എടുത്ത് നോക്കിയാൽ തൊണ്ട് സംഭരണത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പ്രയാസമില്ലെന്നുള്ളതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അന്താരാഷ്ട്ര മാർക്കറ്റിലും മറ്റും കയറിന് വിലയിടിവുണ്ടായതിനെത്തുടർന്ന് അത് വിറ്റഴിക്കുന്നതിനുള്ള പ്രയാസമാണ് ഇന്നുള്ളത്. ആ പ്രയാസങ്ങളൊഴിവാക്കാനായി ഈ ഗവൺമെന്റ് നടപടികൾ എടുത്തുവരുന്നുമുണ്ട്. അതുകൊണ്ട് തൊണ്ട് ലഭ്യമല്ല. തൊണ്ടില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിന് കിട്ടിയ വിവരം ശരിയല്ല എന്നാണ്. മറ്റൊരു കാര്യംകൂടി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പറുടെ അറിവിന് വേണ്ടിയാണ്. അദ്ദേഹം ചോദിച്ചു, സഹകാര്യക്കച്ചവടക്കാർ അവരുടെ കൈവശമുള്ള തൊണ്ടിന്റെ വില കണക്കും തന്നുവോയെന്ന്. ആ കണക്ക് ശരിയായിരിക്കുകയില്ല. പക്ഷേ കണക്ക് തന്നുവെന്നുള്ളതാണ് സത്യമാണ്. ചിറയിൻകീഴ് പ്രോജക്ടിൽത്തന്നെ 24,362,947 തൊണ്ടിന്റെ കണക്ക് കിട്ടി. കൊല്ലം പ്രോജക്ട് ഓഫീസിൽ തന്നെ രണ്ടുകോടി എൺപത്തിമൂന്ന് ലക്ഷം തൊണ്ടിന്റെ കണക്ക് കിട്ടി. കായംകുളത്തുനിന്ന് മൂന്ന് കോടി എൺപത്തിയാറ് ലക്ഷം തൊണ്ടിന്റെ കണക്ക് കിട്ടി. ആലപ്പുഴ അമ്പത്തിയെട്ട് ലക്ഷത്തി അറുപത്തി മൂവായിരം. അങ്ങനെ എല്ലായിടത്തുംകൂടി മൊത്തത്തിൽ 14 കോടി 69 ലക്ഷം. ഞാൻ പറയുന്നത് ഇത് ലെവിയെടുക്കാൻവേണ്ടി അവർ തന്ന കണക്കാണെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്. പിന്നെ 30 ശതമാനത്തിന്റെ പ്രശ്നമാണ്. അത് മതിയെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. അത് പരിശോധിച്ചുവരികയാണ്. ഇത് ഒരു പരീക്ഷണമാണ്. നമുക്ക് കുറച്ചുകൂടി കാത്തിരിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് കണ്ടമാനം തൊണ്ട് തല്ലി യന്ത്രങ്ങൾക്ക് സമ്മതം കൊടുക്കുന്നുവെന്നാണ്. ഈ ഗവൺമെന്റ് അങ്ങനെ ചെയ്തിട്ടില്ല. ഉദാഹരണമായി ഏറ്റവും പ്രധാനപ്പെട്ട കയർ അഴുക്കൽ മേഖലയായ ഈ പ്രോജക്ടുകളിലൊന്നും കൊടുത്തിട്ടില്ലെന്നുള്ളതാണ്. കാസർകോഡ്, മലയോരപ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പച്ചത്തൊണ്ടിന് കൊടുത്തിട്ടില്ല. ഉണക്കത്തൊണ്ടിന് മാത്രമേ കൊടുത്തിട്ടുള്ളൂ. എന്നാൽ ഈ ഗവൺമെന്റ് പച്ചത്തൊണ്ടിന് ഒരു ഡീഫൈബറിംഗ് യൂണിറ്റിനു അനുവാദം കൊടുത്തിട്ടുണ്ട്. കാരണം, തൊണ്ട് ഉപയോഗപ്പെടുത്തുപോകാതിരിക്കുന്നതിനും പാലക്കാട് ഭാഗത്തുള്ള തൊണ്ട് അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ട് പോകാതിരിക്കുന്നതിനും, ആ തൊണ്ട് കയർപിരി മേഖലയിലേക്ക് കൊണ്ടുവരാൻ ട്രാൻസ്പോർട്ടിംഗിനും മറ്റും ബുദ്ധിമുട്ടുള്ളതുകൊണ്ടുമാണ്. അതുപോലെതന്നെ കിഴക്കൻ മേഖലകളിൽ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ ഈ സൊസൈറ്റികൾക്ക് ലഭ്യമാകുന്നതിനോ, അഴുക്കൽ കേന്ദ്രങ്ങളിലോ ഒന്നും കൊടുത്തിട്ടില്ല. പിന്നെ പഴയ ഗവൺമെൻറിന്റെ കാലത്ത് കൊടുത്തത് കെ. എഫ്. സി.യിൽ നിന്ന് ലോൺ വാങ്ങിയതുകൊണ്ടാണ്. അതുതന്നെ ഒരു റഗുലറൈസേഷനാണ്. അല്ലാതെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഈ രംഗത്തുള്ള ചിറയിൻകീഴ്, കൊല്ലം, കായംകുളം, ആലപ്പുഴ, വൈക്കം, പറവൂർ ഇങ്ങനെയുള്ള അഴുക്കൽതൊണ്ട് മേഖലകളിലൊന്നും കൊടുത്തിട്ടില്ല. കൊടുത്തതുതന്നെ കണ്ണൂർ മേഖലയിലെ സഹകരണ മേഖലയിലെ രണ്ട് സൊസൈറ്റികൾക്ക് മാത്രമാണ്. എന്തിനേറെ പറയുന്നു, കയർ ഉപദേശക സമിതിയിൽ എല്ലാ അംഗങ്ങളുമുണ്ട്. അവർ കല്പൻ തൊണ്ട് തല്ലാൻ ആളെ കിട്ടാത്തതുകൊണ്ട് ഈ ഡീഫൈബറിംഗ് യൂണിറ്റുകൾ വേണമെന്നുകൂടി പറഞ്ഞു. അത് ഞാൻ പറഞ്ഞതല്ല, എല്ലാ കക്ഷികളുമടങ്ങുന്ന കയർ ഉപദേശക സമിതി പറഞ്ഞതാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് പറയാനുള്ളത്, ദൈവത്തെ ഓർക്കാൻ പറയുമെങ്കിൽ ദൈവത്തെ, അല്ലെങ്കിൽ ഓർക്കാൻ പറയുന്നവരെ ആരെയെങ്കിലും ഓർത്ത് ഈ തെറ്റായ വിവരങ്ങൾ സഭയിൽ പറയരുത്. കാര്യങ്ങൾ അറിയാതെ പറയരുത്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കയർ മേഖലയിൽ ആവശ്യമായ എല്ലാ നടപടികളുമെടുത്തിട്ടുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് കയർ മേഖലയിലുള്ള തൊഴിലാളികൾക്ക് 100 ശതമാനം വേതന വർദ്ധനവ് കിട്ടിയതെന്നുള്ള കാര്യം ശ്രീ. വർക്കല രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ മറന്നുപോകരുത്. ഈ കയർ മേഖലയ്ക്കുവേണ്ടി ഈ ഗവൺമെൻറ് ചെയ്തതുപോലുള്ള നടപടികൾ ഇതിനുമുമ്പ് ഒരു ഗവൺമെൻറും ചെയ്തിട്ടില്ലെന്ന് അഭിമാനത്തോടുകൂടി പറയാൻ എനിക്ക് സാധിക്കും. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ എപ്പോൾ ചൂണ്ടിക്കാണിച്ചാലും ഗവൺമെൻറ് സൗമനസ്യത്തോടുകൂടി ചെയ്യുന്നതാണെന്നുകൂടി അറിയിച്ചുകൊള്ളുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരടിസ്ഥാനപരമായ തെറ്റ് ചൂണ്ടിക്കാണിക്കുന്നതോടൊപ്പം മന്ത്രിക്കൊരു വിശദീകരണം. 1980-ൽ ഗവൺമെൻറ് അഴുക്കൽ തൊണ്ട് ലെവി സമ്പ്രദായം പരീക്ഷണാർത്ഥം ഏർപ്പെടുത്താനല്ല എഴുതിയത്. അന്ന് ഗവൺമെൻറ് എഴുതിയത്, പച്ചതൊണ്ടിനെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമെന്ന നിലയിൽ ലെവി സമ്പ്രദായം അല്ലാതെ അഴുക്കൽ തൊണ്ടല്ല. ഈ ഗവൺമെൻറ് പച്ച തൊണ്ടിനുപകരം അഴുക്കൽ തൊണ്ടാക്കി. അതുകൊണ്ടാണ് ഈ ദുസ്ഥിതി ഉണ്ടായത്. അതുകൊണ്ട് പച്ച തൊണ്ടിനുപകരം അഴുക്കൽതൊണ്ട് പരീക്ഷണം നടത്തുന്ന ഗവൺമെൻറിനോട് മാർക്കറ്റിംഗ് ഫെഡറേഷൻ അടക്കമുള്ള ഈ രംഗത്തുള്ള സകല ആളുകളും ലെവി സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും ഗവൺമെൻറ് മുറുകെ പിടിക്കുന്നതിന്റെ അർത്ഥമെന്തെന്ന് മന്ത്രിക്ക് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഈയൊരു സംശയം മാത്രമേ ബഹുമാനപ്പെട്ട മെമ്പർക്ക് ഉണ്ടായിട്ടുള്ളൂ എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ പറയാം 1986 സെപ്റ്റംബർ 1-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ്, ഗവൺമെൻറ് ജി. ഒ. യാണ് ചെയ്തത് ഒന്നു വായിച്ചുനോക്കണം എന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അതിൽ പറഞ്ഞത് ലെവി എടുക്കുന്നത് അഴുക്കൽ സൈറ്റിലെന്നാണ്. ആ സൈറ്റിൽ വച്ച് പച്ച തൊണ്ടും എടുക്കാം, അല്ലെങ്കിൽ അഴുക്കൽ തൊണ്ടുമെടുക്കാം. പച്ച തൊണ്ടെടുക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടില്ല. പക്ഷേ അതിന്റെ ലെവി പോയിൻറ് വെറൈറ്റിംഗ് സൈറ്റാണ്. ആ വെറൈറ്റിംഗ് സൈറ്റിൽവച്ച് വല്ലവരും പച്ച തൊണ്ട് തരാൻ സാധിക്കാത്ത അവസ്ഥ വരികയാണെങ്കിൽ അഴുക്കിയാൽപോലും ആ തൊണ്ട് ലെവിയെടുക്കാം എന്ന് പറഞ്ഞതും സൊസൈറ്റിയുടെ ഗുണത്തിനുവേണ്ടി മാത്രമാണെന്ന് ഓർമ്മിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly